"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് -കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - വിജിലൻസ് മിന്നൽ പരിശോധനാറിപ്പോർട്ട്- തിരുവല്ല നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ. ജി. രാജേഷിനെതിരായ അച്ചടക്കനടപടി –തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ(ഇയു) വകുപ്പ്**

സ.ഉ.(സാധാ) നം.1879/2021/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 30/09/2021

പരാമർശം:-
1. വിജിലൻസ് ഡയറക്ടറുടെ 03.10.2015തീയതിയിലെ സി1(വി.സി.3/2009/പി.റ്റി.എ) 29763/2008നമ്പർ കത്ത്
2. 06.06.2017 തീയതിയിലെ ഇയു2-139/2016-തസ്വഭവ നമ്പർ കുറ്റാരോപണമെമ്മോ
3. നഗരകാര്യഡയറക്ടറുടെ 03.01..2020തീയതിയിലെ വി1-15431/2017നമ്പർ കത്ത്.

**ഉത്തരവ്**

തിരുവല്ല നഗരസഭയുടെ 2003-04 വർഷത്തെ കേരള വികസന പദ്ധതി പ്രകാരം റയിൽവെ പുറമ്പോക്കിൽ താമസിക്കുന്ന ഭൂരഹിതരെ പുനരധിവസിപ്പിക്കുന്നതിനായി ഭൂമി വാങ്ങിയതിൽ ക്രമക്കേട് സംഭവിച്ചിട്ടുള്ളതുമായി ബന്ധപ്പെട്ട് നടന്ന വിജിലൻസ് അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിലുള്ള വിജിലൻസ് ഡയറക്ടറുടെ പരാമർശം 1 ശുപാർശ പ്രകാരം ടി നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ (ടി കാലയളവിലെ യു.ഡി ക്ലാർക്ക്) ശ്രീ. ജി. രാജേഷിനെതിരെ അച്ചടക്കനടപടി സ്വീകരിച്ചതിന്റെ ഭാഗമായി പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നു. ആയതിന് ടിയാൻ നൽകിയ മറുപടിയിന്മേൽ കൊല്ലം നഗരകാര്യ മേഖല ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ നഗരകാര്യഡയറക്ടർ പരാമർശം 3 പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു.

2. തിരുവല്ല നഗരസഭയിൽ നടപ്പിലാക്കിയ ഭൂരഹിത-ഭവനരഹിത പുന:രധിവാസ പദ്ധതി പ്രകാരം റയിൽവെ പുറമ്പോക്കിൽ താമസിച്ചിരുന്ന ആളുകളെ പുന:രധിവസിപ്പിക്കുന്നതിന് 2003-04 വർഷത്തിൽ പ്രോജക്ട് വച്ചിരുന്നതും 30 ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തിരുന്നതുമാണ്. അതിൽ പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക വേണ്ടി വാങ്ങിയ വസ്തുവിന്മേൽ ശ്രീ. ജി. രാജേഷ് രജിസ്ട്രേഷൻ ചാർജ്ജ് ഈടാക്കിയിരുന്നു. 04.07.2000 തീയതിയിലെ GO(P)108/2000 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും രജിസ്ട്രേഷൻ ചാർജ്ജ് ഒഴിവാക്കിയിരുന്നത് അവഗണിച്ച് തുക ഈടാക്കിയതിനാണ് ടിയാന് കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിട്ടുള്ളത്.

3. കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. രാജേഷ് സമർപ്പിച്ച മറുപടി പ്രകാരം 2003-04-ൽ

ജനകീയാസൂത്രണ വിഭാഗത്തിൽ ജോലി നോക്കുമ്പോൾ കേവലം രണ്ടര വർഷത്തെ ക്ലറിക്കൽ പരിചയം മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നും രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് നഗരസഭയിൽ ലഭ്യമായിരുന്നില്ലെന്നും മറുപടി നൽകിയിരിക്കുന്നു. ജനകീയാസൂത്രണ അക്കൗണ്ട്സിന്റെ ചുമതലകൂടി വഹിക്കേണ്ടി വന്നതിനാൽ ജോലിത്തിരക്കുകളുണ്ടായിരുന്നുവെന്നും ഇൻറർനെറ്റ് സൗകര്യങ്ങൾ ലഭ്യമല്ലാതിരുന്ന കാലത്ത് സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെടാതെ പോയതാണെന്നും മറുപടിയിൽ പറയുന്നു. പ്രസ്തുത ഫയൽ, സൂപ്രണ്ട്, പി എ ടു സെക്രട്ടറി, സെക്രട്ടറി, ചെയർമാൻ എന്നിവർ മുഖേനയല്ലാതെ കൈകാര്യം ചെയ്തിരുന്നില്ലെന്നും പ്രോജക്റ്റിൽ വിജ്ഞാപനം ചെയ്തിരുന്നതു പ്രകാരം ഗുണഭോക്താക്കൾ നേരിട്ട് വസ്തു ഉടമയിൽ നിന്നും സ്ഥലം വാങ്ങിയതിനാൽ നേരിട്ട് സബ് രജിസ്ട്രാർ ഓഫീസിൽ രജിസ്ട്രേഷൻ ഫീസ് ഒടുക്കിയിട്ടുള്ളതാണെന്നും ടിയാന്റെ മറുപടിയിൽ പരാമർശിക്കുന്നു. ടിയാൻ കേവലം ക്ലാർക്കു മാത്രമായിരുന്നത് പരിഗണിച്ചും നഗരസഭയ്ക്ക് ഈ ഇനത്തിൽ യാതൊരു സാമ്പത്തിക നഷ്ടവും ഉണ്ടായിട്ടില്ലെന്നതും ബോദ്ധ്യപ്പെട്ടും മന:പൂർവ്വമല്ലാതെ ഉണ്ടായിട്ടുള്ള വീഴ്ചകൾ മാപ്പാക്കി അനന്തര ശിക്ഷാ നടപടികളിൽ നിന്നും ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു.

4. കൊല്ലം നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള റിപ്പോർട്ടിൽ, പ്രസ്തുത പദ്ധതി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾ രജിസ്ട്രേഷൻ ഫീസ് ട്രഷറിയിൽ നേരിട്ട് ഒടുക്കി രസീത് നഗരസഭാ ഓഫീസിൽ ഹാജരാക്കിയിട്ടുള്ളതായി ഓഫീസ് രേഖകളിൽ കാണുന്നതായും ശ്രീ. ജി. രാജേഷിന് കുറഞ്ഞ കാലത്തെ ക്ലറിക്കൽ പരിചയം മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നത് പരിഗണിച്ചും മേലധികാരികളാരും തെറ്റ് ചൂണ്ടിക്കാണിച്ചിട്ടില്ലാത്തതാണെന്ന വസ്തുത ബോദ്ധ്യപ്പെട്ടും രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടില്ലെന്നുള്ള ടിയാന്റെ മറുപടിയുടെ അടിസ്ഥാനത്തിലും ഇത് മന:പൂർവ്വമല്ലാത്ത വീഴ്ചയായി കണക്കാക്കണമെന്ന് കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടർ അഭിപ്രായപ്പെട്ടിരുന്നു.

5. നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് പ്രകാരം, 04.07.2000 തീയതിയിലെ GO(P) 108/2000 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് എല്ലാവിധ രജിസ്ട്രേഷൻ ചാർജ്ജുകളും ഇളവ് ചെയ്ത് നൽകിയിരുന്നു. എന്നാൽ തിരുവല്ല നഗരസഭയിലെ സീനിയർ ക്ലാർക്കായിരുന്ന ശ്രീ. ജി. രാജേഷ് ടി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കളെ ഡോക്യുമെന്റേഷൻ ചാർജ്ജ് ഇനത്തിൽ തുക നൽകുന്നതിൽ നിന്നും ഒഴിവാക്കാതെ ബന്ധപ്പെട്ട സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ചിട്ടുള്ളത് സെക്ഷൻ ക്ലാർക്കിന്റെ ഭാഗത്തു നിന്നുള്ള വീഴ്ചയാണ്. എന്നാൽ സർക്കാർ ഉത്തരവ് ശ്രദ്ധയിൽപെടാതിരുന്നത് സെക്ഷൻ ക്ലാർക്ക് ശ്രീ. രാജേഷിന്റെ മാത്രം വീഴ്ചയായി കാണാവുന്നതല്ല. ടി സാഹചര്യത്തിൽ ശ്രീ. ജി. രാജേഷിന്റെ മറുപടിയും നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടും പരിഗണിച്ച് ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിന് ശാസന (സെൻഷ്വർ) നൽകി ശ്രീ. രാജേഷിനെതിരായ അച്ചടക്ക നടപടികൾ അവസാനിപ്പിക്കാമെന്ന് നഗരകാര്യഡയറക്ടർ ശുപാർശ ചെയ്യുകയുണ്ടായി.

6. സർക്കാർ ഇക്കാര്യം വിജിലൻസ് റിപ്പോർട്ട്, കുറ്റാരോപണ മെമ്മോയ്ക്ക് ശ്രീ. രാജേഷ് സമർപ്പിച്ച മറുപടി, നഗരകാര്യഡയറക്ടറുടെ റിപ്പോർട്ട് എന്നിവ പ്രകാരം പരിശോധിച്ചതിൽ, 04.07.2000 തീയതിയിലെ GO(P)108/2000 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളിൽ നിന്നും രജിസ്ട്രേഷൻ ചാർജ്ജ് ഒഴിവാക്കിയിരുന്നത് അവഗണിച്ച് തുക ഈടാക്കിയതിനാണ് ടിയാന് കുറ്റാരോപണ മെമ്മോ നൽകിയിരുന്നത്.

എന്നാൽ ശ്രീ. ജി. രാജേഷിന് കുറഞ്ഞ കാലത്തെ ക്ലറിക്കൽ പരിചയം മാത്രമേ ഉണ്ടായിരുന്നുള്ളൂവെന്നത് പരിഗണിച്ചും, മേലധികാരികളാരും തെറ്റ് ചൂണ്ടിക്കാണിച്ചിട്ടില്ലാത്തതാണെന്ന വസ്തുത അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടിട്ടുള്ളതും, രജിസ്ട്രേഷൻ ഫീസ് ഈടാക്കുന്നത് സംബന്ധിച്ച സർക്കാർ ഉത്തരവ് ശ്രദ്ധയിൽപ്പെട്ടില്ലെന്നുള്ള ടിയാന്റെ മറുപടിയുടെ അടിസ്ഥാനത്തിലും ഇത് ടിയാന്റെ ഭാഗത്ത് നിന്നുള്ള മന:പൂർവ്വമല്ലാത്ത വീഴ്ചയായി കാണുന്നു.

7. മേൽ സാഹചര്യത്തിൽ വിജിലൻസ് അന്വേഷണറിപ്പോർട്ടിൽ കണ്ടെത്തിയ ക്രമക്കേടിന്റെ അടിസ്ഥാനത്തിൽ തിരുവല്ല നഗരസഭയിലെ റവന്യൂ ഇൻസ്പെക്ടർ ശ്രീ. ജി. രാജേഷിനെതിരെ ആരംഭിച്ച അച്ചടക്കനടപടി, ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ കൂടുതൽ ജാഗ്രതയോടെ പ്രവർത്തിക്കുന്നതിലേയ്ക്കായി ടിയാന് സെൻഷർ നൽകി തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ. ജി. രാജേഷ്, റവന്യൂ ഇൻസ്പെക്ടർ, തിരുവല്ല നഗരസഭ ( നഗരകാര്യ ഡയറക്ടർ മുഖേന).
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ